# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 142 10.12.2012- ൽ മറുപടിക്ക്**

## വിഴിഞ്ഞം തുറമുഖ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.എ. ബേബി :<br>ശ്രീ. ബി. സത്യൻ:<br>ശ്രീ. വി.ശിവൻകുട്ടി;<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖ പദ്ധതി നടത്തിപ്പിനുള്ള പോർട്ട് ഓപ്പറേറ്റേഴ്സിനെ തെരഞ്ഞെടുക്കാനുള്ള ടെൻഡർ റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ; കേന്ദ്ര സർക്കാരിന്റെ സുരക്ഷാ അനുമതി ലഭിച്ച കമ്പനിയുടെ ഫിനാൻഷ്യൽ ടെൻഡർ തുറന്ന് നെഗോഷ്യേറ്റ് ചെയ്യുകയുണ്ടായോ; എങ്കിൽ ഏതെല്ലാം കാര്യങ്ങളിൽ വിലപേശുകയുണ്ടായി; | (എ) റദ്ദാക്കിയിട്ടുണ്ട്. തുറമുഖ നടത്തിപ്പുകാരനെ കണ്ടെത്താനുള്ള ഗ്ലോബൽ ബിഡ്ഡിനായി 25.11.2010-ൽ പ്രസിദ്ധീകരിച്ച ആർ.എഫ്.ക്യു പ്രകാരം 14 കമ്പനികൾ പ്രസ്തുത ഗ്ലോബൽ ബിഡ്ഡിങ്ങിൽ പങ്കെടുക്കാൻ താത്പര്യം കാണിക്കുകയുണ്ടായി. ഇതിൽ 12 കമ്പനികളാണ് പ്രീ ക്വാളിഫിക്കേഷൻ യോഗ്യത നേടിയത്. പ്രസ്തുത കമ്പനികളിൽ 2 കമ്പനികളായ വെൽസ്പൺ കൺസോർഷ്യവും മുന്ദ്ര പോർട്ട് സ്പെഷ്യൽ ഇക്കണോമിക്ക് സോണും മാത്രമാണ് ഗ്ലോബൽ ബിഡ്ഡിൽ പങ്കെടുത്തത്. ഇതിൽ വെൽസ്പൺ കൺസോർഷ്യത്തിന് മാത്രമാണ് കേന്ദ്ര സർക്കാരിന്റെ സെക്യൂരിറ്റി ക്ലിയറൻസ് ലഭിച്ചത്. |

| | | | |
|---|---|---|---|
| | | | അതിൻ പ്രകാരം വെൽസ്പൺ കൺസോർഷ്യത്തിന്റെ ടെൻഡർ തുറക്കുകയും, അതിൽ അവർ തുറമുഖ നടത്തിപ്പിനായി 16 വർഷത്തേക്ക് 479.54 കോടി ഗ്രാന്റ് ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത കൺസോർഷ്യവുമായി നെഗോഷ്യേറ്റ് ചെയ്യുന്നതിനായി ഒരു ബിഡ്സ് നെഗോസിയേഷൻ കമ്മിറ്റി രൂപീകരിക്കുകയും ഈ കമ്മിറ്റി 16.04.2012, 20.04.2012, 04.07.2012 എന്നീ ദിവസങ്ങളിൽ കൺസോർഷ്യവുമായി ചർച്ച നടത്തുകയും ചെയ്തു. ടെൻഡർ നിയമപ്രകാരം അനുവദനീയമായിട്ടുള്ള ബിഡ്സ് ചെയ്ത തുകയുടെ കാര്യത്തിൽ മാത്രമാണ് നെഗോഷ്യേറ്റ് ചെയ്തിട്ടുള്ളത്. 399.5 കോടി രൂപ കൺസോർഷ്യത്തിന് ഗ്രാന്റ് വേണമെന്ന ആവശ്യം സ്വീകാര്യമല്ലെന്ന് കണ്ടെത്തിയതിനെ തുടർന്ന് സർക്കാർ തുറമുഖ നടത്തിപ്പുകാരനെ കണ്ടെത്തുവാനുള്ള ടെൻഡർ നടപടികൾ റദ്ദു ചെയ്യുകയും പാരിസ്ഥിതിക അനുമതി ലഭിയ്ക്കുന്ന മുറയ്ക്ക് പുതിയ ടെൻഡർ നടപടികളുമായി മുന്നോട്ട് പോകാൻ വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡിനോടു നിർദ്ദേശിക്കുകയും ചെയ്തു. |
| (ബി) | കേന്ദ്ര ഷിപ്പിംഗ് കോർപ്പറേഷൻ പദ്ധതി നിർവ്വഹണത്തിന് താത്പര്യം കാണിച്ചിരുന്നുവോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ തുടർ ചർച്ചകൾ നടത്തിയിട്ടുണ്ടോ; | (ബി) | ലാൻഡ് ലോർഡ് മോഡൽ പ്രകാരം നിർമ്മിക്കുന്ന വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ തുറമുഖ നടത്തിപ്പുകാരനെ കണ്ടെത്താൻ ക്ഷണിച്ച ടെൻഡറിലാണ് കേന്ദ്ര ഷിപ്പിംഗ് |

| | | | |
|---|---|---|---|
| | | | കോർപ്പറേഷൻ ഇന്ത്യ ലിമിറ്റഡ് പങ്കെടുക്കാൻ താൽപര്യം പ്രകടിപ്പിച്ചത്. ഇക്കാര്യത്തിൽ ഷിപ്പിംഗ് കോർപ്പറേഷൻ പ്രീ ക്വാളിഫിക്കേഷൻ യോഗ്യത നേടുകയും, അവരുടെ ആവശ്യപ്രകാരം 2 പ്രാവശ്യം ബിഡ്സ് സമർപ്പിക്കുവാനുള്ള തീയതി നീട്ടി കൊടുക്കുകയും ചെയ്തിരുന്നു. ഇവരെ പങ്കെടുപ്പിക്കുവാനുള്ള തുടർ ചർച്ചകൾ നടത്തിയിരുന്നുവെങ്കിലും അവരുടെ സാങ്കേതിക പങ്കാളിയായ ഹിന്ദുസ്ഥാൻ കൺസ്ട്രക്ഷൻ കമ്പനിയുടെ പെട്ടെന്നുള്ള പിൻമാറ്റത്തെ തുടർന്ന് ബിഡ്ഡിങ്ങിൽ പങ്കെടുക്കുന്നില്ലെന്ന് അവർ അറിയിക്കുകയാണ് ഉണ്ടായത്. |
| (സി) | ടെൻഡർ റദ്ദാക്കിയ സാഹചര്യത്തിൽ പദ്ധതിയുടെ ഭാവി വിശദമാക്കുമോ? | (സി) | കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ പാരിസ്ഥിതികാനുമതി നേടിയെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ അവസാന ഘട്ടത്തിലാണ്.<br><br>പാരിസ്ഥിതികാനുമതി ലഭിച്ചാലുടൻ തുറമുഖ അടിസ്ഥാന സൗകര്യ നിർമ്മാണത്തിനുള്ള ഇ പി സി ടെൻഡറും, പോർട്ട് ഓപ്പറേറ്ററെ തെരെഞ്ഞെടുക്കുവാനുള്ള ടെൻഡർ നടപടികളും തുടങ്ങുന്നതിനായുള്ള ജോലികൾ സമാന്തരമായി പൂർത്തിയായി വരുന്നു. തുറമുഖ നിർമ്മാണത്തിന് അത്യന്താപേക്ഷിതമായ ഭൂമിയുടെ 90 ശതമാനവും ഏറ്റെടുത്തിട്ടുണ്ട്.<br><br>പദ്ധതിക്കാവശ്യമായ ധനസമാഹരണത്തിനുള്ള |

കാര്യങ്ങൾ
പൂർത്തീകരിച്ചിട്ടുണ്ട്.

പാരിസ്ഥിതികാനുമതിക്കു
ശേഷം സമയബന്ധിതമായി
പദ്ധതി നടപ്പാക്കാനാണ്
ഉദ്ദേശിക്കുന്നത്.

(signature)
സെക്ഷൻ ഓഫീസർ